"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ വിജിലൻസ് വിഭാഗത്തിൽ ഡ്രൈവർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുജിത്ത് എസ്. എൽ, - ന്റെ അന്യത്രസേവന കാലാവധി 14.02.2025 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

G.O.(Rt)No.979/2025/GAD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 460/2023/പൊ.ഭ.വ. തീയതി: 30.01.2023.

2. സ.ഉ. (സാധാ) നം. 1472/2024/പൊ.ഭ.വ. തീയതി: 30.03.2024.

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.01.2025 - ലെ EST2-2/11/2019-KPSC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കെ.എ.പി 3 ബറ്റാലിയനിലെ ഡ്രൈവർ സിവിൽ പോലീസ് ഓഫീസർ ശ്രീ.സുജിത്ത്. എസ്. എൽ (DVR CPO-9102) - നെ പരാമർശം (1) ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ വിജിലൻസ് വിഭാഗത്തിൽ ഡ്രൈവർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്ന്, പരാമർശം (2) ഉത്തരവ് പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 13.02.2025 വരെ ദീർഘിപ്പിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 14.02.2025 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) കത്ത് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറി ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ വിജിലൻസ് വിഭാഗത്തിൽ ഡ്രൈവർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുജിത്ത് എസ്.എൽ (DVR CPO-9102) - ന്റെ പ്രസ്തുത തസ്തികയിലെ അന്യത്രസേവന കാലാവധി കെ.എസ്.ആർ ഭാഗം-1, ചട്ടം -140 (സി) - യിലെ വ്യവസ്ഥകൾക്കു വിധേയമായി 14.02.2025 (3-ാം തവണ) മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sudha B

JOINT SECRETARY

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം

ശ്രീ.സുജിത്ത് എസ്. എൽ, ഡ്രൈവർ സിവിൽ പോലീസ് ഓഫീസർ (പി.എസ്.സി സെക്രട്ടറി

മുഖേന)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ആഭ്യന്തര (കെ) വകുപ്പ് (25.02.2025 - ലെ K1/18/2025-Home പ്രകാരം)
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 04-03-2025 11:34:54
സെക്ഷൻ ഓഫീസർ